ഉത്തരം

(എ) സ്വീകരിച്ചു വരുന്നു.

(ബി) താൽക്കാലികമായി പേരാമ്പ്ര ഗവൺമെന്റ് യു. പി. സ്കൂൾ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനുള്ള സൗകര്യം പ്രസ്തുത കെട്ടിടത്തിന് ഇല്ലാത്തതിനാൽ എ. ഇ. ഒ. ഓഫീസ് അങ്ങോട്ട് മാറ്റുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

കൊണ്ടോട്ടി ജി. എം. യു. പി. സ്കൂൾ ഗേൾസ് ഹൈസ്കൂളാക്കി ഉയർത്താൻ നടപടി

99 [2989] ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടി ജി. എം. യു. പി. സ്കൂൾ ഒരു ഗേൾസ് ഹൈസ്കൂളാക്കി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപ്ഗ്രഡേഷൻ സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

ആലപ്പുഴ, പത്തനംതിട്ട ജില്ലകളിലെ സ്കൂളുകളുടെ നവീകരണം

100 [2990] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി സർക്കാർ സ്കൂളുകളുടെ നവീകരണത്തിന് എന്തൊക്കെ പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ പന്തളം നിയോജകമണ്ഡലത്തിലെ ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽപ്പെട്ട എത്ര സ്കൂളുകൾ സെലക്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായി സർക്കാർ സ്കൂളുകളുടെ നവീകരണത്തിന് നിരവധി പരിപാടികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. സ്കൂൾ പ്രവേശനം സുതാര്യവും, കാര്യക്ഷമവും ആക്കുവാനായി അദ്ധ്യാപകരുടെ ഭവന സന്ദർശനം, പ്രവേശനം നൽകപ്പെട്ട കുട്ടികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കൽ, ഇത്യാദി കാര്യങ്ങൾ വിഭാവനം ചെയ്യുന്നു. ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം, പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേകം അനുപൂരക വിദ്യാഭ്യാസം, രക്ഷാകർത്താക്കളുമായുള്ള കൂടിക്കാഴ്ചകൾ മുതലായ കാര്യങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. സാമ്പത്തിക സഹായത്തിന് അർഹതയുള്ള കുട്ടികൾക്ക് അതു നൽകുവാനുള്ള ക്രമീകരണങ്ങൾ ഉണ്ട്. സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ, ക്ളാസ്സ് മുറികൾ നിർമ്മിക്കൽ, പരീക്ഷണശാല, വായനശാല മുതലായവകൾക്ക് കൂടുതൽ സൗകര്യങ്ങൾ നൽകൽ, ആവശ്യമായ ഫർണ്ണീച്ചറുകൾ ലഭ്യമാക്കൽ എന്നീ കാര്യങ്ങളും ഭരണ നവീകരണത്തിന്റെ ഭാഗമായി വിഭാവനം ചെയ്യുന്നുണ്ട്.

(ബി) പന്തളം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ആലപ്പുഴ റവന്യൂ ജില്ലയിലെ അഞ്ച് പ്രൈമറി സ്കൂളുകളും, പത്തനംതിട്ട റവന്യൂ ജില്ലയിലെ ഹൈസ്കൂൾ, യു. പി., എൽ. പി. വിഭാഗത്തിൽപ്പെട്ട ഓരോ സ്കൂളുകളും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) രണ്ട് വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

വി. എച്ച്. എസ്. ഇ. കോഴ്സുകൾ നവീകരിക്കുന്നതിനും പി. എസ്. സി.-യുടെ അംഗീകാരം ലഭിക്കുന്നതിനും നടപടി

101 [2991] ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളം മണ്ഡലത്തിലെ സർക്കാർ സ്കൂളുകളായ ആലപ്പുഴ ജില്ലയിൽപ്പെട്ട പയ്യനല്ലൂർ എച്ച്. എസ്., കുടശ്ശനാട് തണ്ടാനവിള എസ്. വി. എച്ച്. എസ്. എസ്., കുന്നം എച്ച്. എസ്. എസ്സിലും, പത്തനംതിട്ട ജില്ലയിൽപ്പെട്ട മുടിയൂർക്കോണം എച്ച്. എസ്. എസ്.-ലും വി. എച്ച്. എസ്. ഇ. കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) സംസ്ഥാനത്തെ വി. എച്ച്. എസ്. ഇ. കോഴ്സുകൾ നവീകരിക്കുന്നതിനും വിവിധ സംസ്ഥാനങ്ങളുടെയും സർവകലാശാലകളുടെയും, പി. എസ്. സി. യുടെയും അംഗീകാരം ലഭിക്കുന്നതിനും ഇതുവരെ ചെയ്ത നടപടികൾ വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly